(ഡി) കരാറിലെ പല വ്യവസ്ഥകളും ഇതിനകം തന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്. ശമ്പളത്തിന്റെയും പെൻഷന്റെയും പുനഃനിർണ്ണയം വിവിധ ഘട്ടങ്ങളിലൂടെ മാത്രമേ പൂർത്തിയാകുകയുള്ളൂ. ഇതിന്റെ ജോലി നടന്നു വരുന്നു.

92 (1824) കെ.എസ്.ആർ.ടി.സി. യിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ, കണ്ടക്ടർ, വിവിധ മെക്കാനിക്കൽ വിഭാഗം എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഒഴിവുകളാണ് ഓരോ കാറ്റഗറിയിലും ഇതുവരെ അറിയിച്ചിട്ടുള്ളത്;

(ഡി) ഈ ഒഴിവുകളിൽ നിയമനം നടത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഇ) എംപാനൽ അടിസ്ഥാനത്തിൽ എത്ര പേർ ഇപ്പോൾ ഇവിടെ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് ജോലിയിൽ തുടരുന്ന എത്ര പേരുണ്ടെന്ന് തസ്തിക തിരിച്ചു വ്യക്തമാക്കുമോ;

(ജി) പി.എസ്.സി. വഴി നിയമനം നടക്കുമ്പോൾ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കുമോ?

ഉത്തരം

(എ) റിട്ടയർമെന്റും നാളിതുവരെയുള്ള ഷെഡ്യൂൾ വർദ്ധനവും അനുസരിച്ച് ഡ്രൈവർ വിഭാഗത്തിൽ 5676 ഒഴിവുകളുണ്ട്.

കണ്ടക്ടർ വിഭാഗത്തിൽ - 2391 ഒഴിവുകൾ

മെക്കാനിക്കൽ വിഭാഗത്തിൽ - 900 ഉണ്ട്.

(ബി) അറിയിച്ചിട്ടുണ്ട്.

(സി) 1.1.98 മുതൽ 31.12.99 വരെയുള്ള കാലയളവിൽ റിട്ടയർമെന്റുമൂലം ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം 6.12.97-ൽ 1012/ജി.എൽ2/97/ആർ.ടി.സി. എന്ന കത്തുപ്രകാരം പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഡ്രൈവർ	-	4346
കണ്ടക്ടർ	-	1544
മെക്കാനിക്കൽ വിഭാഗം	-	706

(ഡി) പി.എസ്.സി. യിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്.

(ഇ) കണ്ടക്ടർ വിഭാഗത്തിൽ - 1124 പേർ

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവർ വിഭാഗത്തിൽ - 1678 പേർ

എംപാനൽ വ്യവസ്ഥയിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 5499 ജീവനക്കാർ കെ. എസ്.ആർ.ടി.സി.യിൽ ജോലി ചെയ്യുന്നുണ്ട്.

ഡ്രൈവർ - 1170 പേരും

കണ്ടക്ടർ - 3720 പേരും

മെക്കാനിക്കൽ വിഭാഗം - 609 പേരും, മൂന്നിനത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

(ജി) സ്ഥിരനിയമനം നടത്തുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ പിരിച്ച് വിടുന്നതായിരിക്കും.

93 (1825) ചങ്ങനാശ്ശേരി ബോട്ട് ജെട്ടി ഓഫീസിന്റെ പ്രവർത്തനം

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ ആരംഭിച്ചിരിക്കുന്ന ജലഗതാഗത വകുപ്പിന്റെ റീജിയണൽ ഓഫീസിലേക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉടനെ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ചങ്ങനാശ്ശേരിയിലെ റീജിയണൽ ഓഫീസിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ചങ്ങനാശ്ശേരി ബോട്ട് ജെട്ടിയിൽ നിന്നും കിടങ്ങറ വഴി നടത്തിക്കൊണ്ടിരിക്കുന്ന ബോട്ട് സർവ്വീസുകൾ കിടങ്ങറയിൽ പാലം പണിതതു മൂലം തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) കിടങ്ങറയിലെ പാലത്തിനടിയിൽ കൂടി പോകത്തക്കവിധം പൊക്കം കുറഞ്ഞ ബോട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ യാത്രക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ പൊക്കം കുറഞ്ഞ ബോട്ടുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി സർവീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) ചങ്ങനാശ്ശേരി ബോട്ട് ജെട്ടി കെട്ടിടത്തിൽ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു റീജിയണൽ ഓഫീസ് ആരംഭിക്കുന്നതു കൊണ്ട് സർവീസ് ഷെഡ്യൂളുകൾ വർദ്ധിക്കാത്തതിനാൽ കൂടുതൽ സ്റ്റാഫിനെ വകുപ്പ് ആവശ്യപ്പെട്ടിരുന്നില്ല. എന്നാൽ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക സീനിയർ സൂപ്രണ്ട് ആയി ഉയർത്തുന്നതിനും മെക്കാനിക്കൽ വിഭാഗത്തിലെ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly